## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും ദൈവത്തിന്റെ വഴികളിൽ നടക്കുകയും ചെയ്യുന്ന തന്റെ ജനത്തിനുവേണ്ടി ദൈവം ചെയ്യാൻ ആഗ്രഹിക്കുന്ന അഥവാ ചെയ്യുന്ന കാര്യങ്ങൾ: ശത്രുക്കളെ കീഴടക്കുകയും വൈരികളുടെ നേരെ കൈ തിരിക്കുകയും ചെയ്യുക എന്നതാണ്. നമുക്ക് ശത്രുക്കൾ ഉണ്ടെന്നുള്ള വസ്തുത ദൈവത്തിന് നല്ലവണ്ണം അറിയാം. അതേപ്പററി നാം അറിയുന്നതിന് മുൻപേ കർത്താവ് അറിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് അവൻ പറയുന്നത്, 'ഞാൻ അവരുടെ ശത്രുക്കളെ കീഴടക്കും'. ദൈവം പറയുന്നത്, 'നാം ദൈവത്തിന്റെ വാക്കുകൾ കേൾക്കുകയും ദൈവത്തിന്റെ വഴികളിൽ നടക്കുകയും ചെയ്യുമെങ്കിൽ നമ്മുടെ ശത്രുക്കളെ അവൻ കീഴടക്കും' എന്നാണ്.

ഇവിടെ 'കീഴടക്കും' എന്ന വാക്കു പ്രത്യേകം ശ്രദ്ധിക്കേണം. ശത്രുവിൽ നിന്ന് നമ്മെ വിടുവിക്കുമെന്നോ ശത്രുവിനെ ഓടിക്കുമെന്നോ അല്ല, ശത്രുക്കളെ 'കീഴടക്കും' എന്നാണ്. 'കീഴടക്കും' എന്നാൽ ഇനി ഒരിക്കലും എഴുന്നേററു വരാതെവണ്ണം ശത്രുക്കളെ പരാജയപ്പെടുത്തും എന്നാണ്. അതുകൊണ്ടാണ് 'ഒരു ശത്രു എന്റെ നേരെ പാളയമിറങ്ങിയാലും ഞാൻ ഭയപ്പെടുകയില്ല' എന്ന് ദാവീദ് തന്നെ പറഞ്ഞിരിക്കുന്നത്. നമ്മുടെ ശത്രു പെരുവെള്ളം പോലെ ഇരച്ചുവന്നു കൊള്ളട്ടെ. നാം ഭയപ്പെടേണ്ടതില്ല, നമ്മുടെ ഇടയൻ നമ്മുടെ കൂടെയുണ്ട്. ശത്രുക്കളെ അവൻ കീഴ്പ്പെടുത്തികൊള്ളും. നാം ഭയപ്പെടാതെ, പതറാതെ, വ്യാകുലപ്പെടാതെ സമാധാനമായി കിടന്ന് സ്വസ്ഥമായി വിശ്രമിക്കുക.

രണ്ടാമത്തെ ഭാഗം: 'നമ്മുടെ വൈരികളുടെ നേരെ അവൻ കൈ തിരിക്കും' എന്നാണ്. ഇവിടെ ദൈവം എനിക്കുവേണ്ടി ചെയ്യുന്ന കാര്യം എന്നെ അത്യധികം സന്തോഷിപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യുന്നതാണ്. ദൈവം വൈരികളുടെ നേരെ കൈ തിരിക്കും എന്നാണ് പറയുന്നത്. ശത്രു ഒരു പ്രളയം പോലെ നമ്മെ നശിപ്പിക്കുവാൻ പാഞ്ഞു വരുമ്പോൾ, നമ്മുടെ ഇടയനായ കർത്താവ് ആ വൈരികളുടെ നേരേ കൈ തിരിക്കുന്നു. ആ ശത്രു, അവൻ എത്ര ശക്തനായാലും എത്ര ശക്തിയായി പാഞ്ഞു വന്നിരുന്നാലും ആ കൈ കാണുന്ന നിമിഷത്തിൽ നിൽക്കുന്നു. അങ്ങനെ നാം സുരക്ഷിതരായി മുന്നോട്ടു പോകുന്നു.

തുടരും....